(ഡി) സ്ഥിര നിയമനമാണ്.

(ഇ) ഇല്ല.

(എഫ്) കോർപ്പറേഷനിൽ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പുതിയ ഓഫീസുകൾ തുറക്കുകയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുകയുണ്ടായി. എത്രയും വേഗം സ്ഥിരം നിയമനം നടത്തേണ്ടതു ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ചട്ടങ്ങളും ഉത്തരവുകളും പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനം നടത്തിയത്.

സ്ഥലം വാങ്ങാൻ സാമ്പത്തിക സഹായം

13 (836) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 1996 മുതൽ 2000-മാർച്ച് 31 വരെ എസ്.സി/ എസ്.ടി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സ്വന്തമായി സ്ഥലം വാങ്ങാൻ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ആകെ എത്ര രൂപ ഈ ഇനത്തിൽ ചെലവഴിച്ചുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19 പേർക്ക് ഈ കാലയളവിൽ സ്ഥലം വാങ്ങാൻ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും സഹായം നൽകിയിട്ടില്ല. ഇതു കൂടാതെ നാലുപേർക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി സഹായം നൽകിയിട്ടുണ്ട്.

(ബി) 5, 93,000 (അഞ്ചു ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ മാത്രം) രൂപ പട്ടികജാതിക്കാർക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 4.75 ലക്ഷം രൂപ നൽകി.

പ്ലസ് ടു പ്രവേശനത്തിൽ സംവരണം

14 (837) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ് ടു സ്കൂൾ പ്രവേശനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ സംവരണം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കോഴ്സിൽ ഈ വിഭാഗത്തിന് സംവരണം ലഭിക്കാൻ അർഹതയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly